"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. നിമിഷ. എൻ.കെ-യെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.299/2022/LSGD തീയതി, തിരുവനന്തപുരം, 10-02-2022

---

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 26.04.2021-ലെ ഡി.ജി.ഇ/5168/2021-സി3 നമ്പർ നിരാക്ഷേപ പത്രിക
2. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 02.08.2021-ലെ എസ്.ഇ.സി/1199/2021-എ1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. നിമിഷ. എൻ.കെ-യെ അന്യത്ര സേവനവ്യവസ്ഥയിൽ നിയമിക്കണമെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ശ്രീമതി നിമിഷ. എൻ. കെ-യുടെ സേവനം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറുടെ കാര്യാലയത്തിന് നൽകുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പിന് ആക്ഷേപമില്ലെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. നിമിഷ. എൻ.കെ-യെ നിലവിലെ അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേക്കു നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ശ്രീമതി. നിമിഷ. എൻ.കെ, ടൈപ്പിസ്റ്റ്, വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, എറണാകുളം (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)

വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ വകുപ്പ്.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by M.k.pradeesh Kumar**
**Date: 10-02-2022 15:06:17**

സെക്ഷൻ ഓഫീസർ